## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3589** **14/03/2017-ൽ മറുപടിക്ക്**

## അഗ്നിശമന സുരക്ഷാ ചട്ടങ്ങൾ

**ചോദ്യം**

ശ്രീ.പി.കെ. ശശി

എ) തിരുവനന്തപുരം ചാല മാർക്കറ്റ്, തൃശ്ശൂർ സ്വരാജ് ഗ്രൗണ്ട്, കോഴിക്കോട് മിഠായി തെരുവ്, അതീവ സുരക്ഷാ മേഖലയായ പത്മനാഭസ്വാമി ക്ഷേത്ര പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ പല ആവർത്തി തീ പിടുത്തമുണ്ടായതും വൻ നാശ നഷ്ടങ്ങൾ സംഭവിച്ചതും ശ്രദ്ധ യിൽപ്പെട്ടുവോ; എങ്കിൽ ഓരോന്നിലും കണക്കാക്കിയ നഷ്ടം എത്രയായായിരുന്നു എന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപകടങ്ങളുടെ നാശനഷ്ട കണക്കുകളുടെ ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

**ചാലമാർക്കറ്റ്**

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം(രൂപ) |
|---|---|---|
| 14/01/14 | ചാല മാർക്കറ്റ് | 78,74,459/- രൂപ |
| 26/12/16 | ആര്യശാല, ചാല (ഗ്ലാസ്സ് ഷോപ്പ്) | 6.18 ലക്ഷം |
| 23/02/17 | ആര്യശാല, കല്യാണി ഹോസ്പിറ്റലിന് സമീപം | 5 ലക്ഷം. |

**പത്മനാഭ സ്വാമി ക്ഷേത്രം**

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം(രൂപ) |
|---|---|---|
| 28/08/16 | കിഴക്കേകോട്ട രാജധാനി ബിൽഡിംഗ് | 2,30,18,225/- |
| 26/02/17. | പോസ്റ്റ് ഓഫീസ് കെട്ടിടം | 25 ലക്ഷം . |

**കോഴിക്കോട് മിഠായിത്തെരുവ്**

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം (രൂപ) |
|---|---|---|
| 05.04.2007 | മിഠായിത്തെരുവ് | 9,61,78,950 |
| 09.12.2010 | ” | 40,00,000 |
| 15.05.2014 | ” | ഇല്ല |
| 29.09.2014 | ” | 1,00,000 |
| 13.05.2015 | ” | 6,64,00,000 |
| 22.02.2017 | ” | രണ്ടരക്കോടി. |

സമീപ കാലത്ത് തൃശൂർ സ്വരാജ് ഗ്രൗണ്ടിൽ വൻ നാശനഷ്ടം സംഭവിച്ച നിലയിൽ തീപിടുത്തം ഉണ്ടായിട്ടില്ല.

| | | | |
|---|---|---|---|
| ബി) | ഇവയുണ്ടായതിന്റെ കാരണം കാലാകാലങ്ങളിലുള്ള സർക്കാ രുകൾ അന്വേഷിച്ചുവോ; വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം അഗ്നിശമന വകുപ്പിന്റെ നിരീക്ഷണം എന്താണ് എന്നും വ്യക്തമാക്കുമോ; | ബി) | അന്വേഷിച്ചിട്ടുണ്ട്. അഗ്നിരക്ഷാ വകുപ്പിന്റെ നിരീക്ഷണ പ്രകാരം മതിയായ അഗ്നി സുരക്ഷാ സംവിധാനങ്ങളില്ലാത്തതും തിങ്ങി ഞെരുങ്ങി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതും കാലഹരണപ്പെട്ട ഇലക്ട്രിക് സംവിധാന ങ്ങളും, ഷോർട്ട് സർക്യൂട്ടും അലക്ഷ്യമായി വസ്തുക്കൾ കൈകാര്യം ചെയ്യുന്നതും തീപിടുത്തത്തിന് കാരണമാകുന്നു. |
| സി) | സംസ്ഥാനത്തുണ്ടാകുന്ന ഇത്ത രം അപകടങ്ങൾക്ക് കാരണം പഴക്കംചെന്ന കെട്ടിടങ്ങളും അഗ്നിശമന സുരക്ഷാ ചട്ടങ്ങൾ പാലിക്കാത്തതുമാണ് എന്നതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) | പരിശോധിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് ഫയർ ഓഡിറ്റുകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരി കൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തുടനീളം സമീപ കാലത്ത് വളർന്നു വരുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾ എത്രയുണ്ട് എന്നും ഇവയിൽ 'അഗ്നിശമന സുരക്ഷാ ചട്ടം' പാലിച്ചു നിർമ്മാണം പൂർത്തീക രിച്ചവ എത്ര, അല്ലാത്തവ എത്ര എന്നും ചട്ടം പാലിക്കാത്തവർ ക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | ഡി) | 2016 കാലഘട്ടത്തിൽ അപേക്ഷ ലഭിച്ചതിന്റ അടിസ്ഥാനത്തിൽ അഗ്നിസുരക്ഷാ ചട്ടം പാലിച്ച് നിർമ്മാണം പൂർത്തീകരിച്ച 897 കെട്ടിടങ്ങളും അല്ലാത്ത 63 കെട്ടിടങ്ങളും ഉണ്ട്. ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം നിരസിച്ചിട്ടുണ്ട്. |
| ഇ) | ഇത്തരം അപകടങ്ങൾ ഒഴിവാക്കാനായി സംസ്ഥാനത്തെ കെട്ടിടങ്ങളിലും ഫ്ളാറ്റുകളിലും കച്ചവട സ്ഥാപനങ്ങളിലുമായി ഒരു സുരക്ഷാ ഓഡിറ്റ് നടത്തുന്നത് പരിഗണിക്കുമോ? | ഇ) | അഗ്നിസുരക്ഷാ ആഡിറ്റ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ